**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എസ് എസ് എൽ സി, പ്ലസ് ടു വിഭാഗങ്ങളിൽ മുഴുവൻ എ പ്ലസ് വാങ്ങിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനുള്ള ചടങ്ങിന് ചെലവായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1940/2019/ത.സ്വ.ഭ.വ**
**തിരുവനന്തപുരം,തീയതി:06/09/2019**

---

പരാമർശം:-1.കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.8.2018-ാം തീയതി നടന്ന സാധാരണ മീറ്റിംഗിലെ 21-ാം നമ്പർ തീരുമാനം

2. ശ്രീ.കെ ബാബു എം.എൽ.എ 10.10.2018-ൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

കൊട്ടുവായൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് എസ് എസ് എൽ സി, പ്ലസ് ടു വിഭാഗങ്ങളിൽ മുഴുവൻ എ പ്ലസ് വാങ്ങിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി 29/06/2018 ൽ നടന്നചടങ്ങിന് ചെലവായ 60,000/-രൂപ (അറുപതിനായിരം രൂപ ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശ കത്ത് പ്രകാരം ശ്രീ.കെ ബാബു എം.എൽ.എ അഭ്യർത്ഥിച്ചിരിക്കുന്നു.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊട്ടുവായൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് എസ് എസ് എൽ സി, പ്ലസ് ടു വിഭാഗങ്ങളിൽ മുഴുവൻ എ പ്ലസ് വാങ്ങിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി 29/06/2018 ൽ നടന്ന ചടങ്ങിന് ചെലവായ 60,000/- രൂപ (അറുപതിനായിരം രൂപ ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് കമ്മിറ്റി തീരുമാനത്തിനും, നിലവിലുള്ള ചട്ടങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായും, അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട പഞ്ചായത്ത്,(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് ; ശ്രീ.കെ ബാബു നെന്മാറ എം.എൽ.എ യുടെ പി എ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.